# Weekly Devotion - November 2016 Week -2

## The tempter and the tempted

**(പരീക്ഷകനും പരീക്ഷിക്കപ്പെടുന്നവനും)**




പരീക്ഷകനായ സാത്താൻ (ഉല്പത്തി '3' ലെ പഴയ പാമ്പ്) തന്ത്രങ്ങളുമായി ദൈവസൃഷ്ടിയായ മനുഷ്യനോടൊപ്പം ആദിയിൽ കൂടിയതാണ്. അവൻ തന്റെ ചതിവും വഞ്ചനയും ഇന്നും തുടരുന്നു. പരീക്ഷകൻ ഒരുക്കുന്ന ഭൗതീക നന്മകൾ ആഗ്രഹിക്കുന്നവർ വീണ്ടും വീണ്ടും ആ പിടിയിലകപ്പെടുന്നതല്ലാതെ രക്ഷപെടുവാൻ കഴിയുന്നില്ല. പ്രാർത്ഥനാ വിഷയവുമായി എന്നെ സമീപിച്ച ഒരു വിവാഹിതനായ ഉദ്യോഗസ്ഥന്റെ അനുഭവം പരീക്ഷകനിൽ നിന്ന് രക്ഷനേടുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി രേഖപ്പെടുത്തുവാൻ താല്പര്യപ്പെടുന്നു.

ആത്മാർത്ഥമായി, സത്യസന്ധമായി ജോലി ചെയ്യുന്ന, അന്യായമായി പണം സമ്പാദിക്കാത്ത, യാതൊരു ദുശ്ശീലവുമില്ലാത്തവനും കുടുംബ സ്നേഹിയും ആയിരുന്നു ആ ഉദ്യോഗസ്ഥൻ. എന്നാൽ യേശു പ്രമാണിയോട് (ലൂക്കോസ് 18:22) ഒരു കുറവ് നിനക്കുണ്ടെന്ന് പറഞ്ഞതു പോലെ ഈ ഉദ്യോഗസ്ഥനും കുറവുകൾ ഉണ്ടായിരുന്നു. (1) 'പണത്തെ' അധികം സ്നേഹിച്ച വ്യക്തി പ്രാർത്ഥനയോടല്ലാതെ വസ്തുവകകളും ഫ്ളാറ്റുകളും വാങ്ങികൂട്ടി. എന്നാൽ ലഭിക്കണ്ടേ നന്മകൾ എല്ലാം അദ്ദേഹത്തിന് നഷ്ടമായി. (2). തന്റെ ഭവനത്തിലുള്ള ദൈവീക കല്പനലംഘനങ്ങളെ കണ്ടില്ല എന്ന് കരുതി ഫലമോ എത്ര അദ്ധ്വാനിച്ചാലും മേലുദ്യോസ്ഥർ അദ്ദേഹത്തിന്റെ പ്രയത്നം അംഗീകരിക്കുന്നില്ല. ഒരു സന്തോഷവും ലഭിക്കാത്തവിധത്തിൽ പരീക്ഷകൻ അദ്ദേഹത്തെ ഞെരുക്കുകയാണ്. ഇത് പ്രാർത്ഥന ആരാധന ഇവ നഷ്ടമാക്കുകയും യേശുവിൽ നിന്ന് അദ്ദേഹത്തെ അകറ്റുകയും ചെയ്തു. ഇതിൽ നിന്ന് രക്ഷനേടുവാൻ വചനത്തിലാശ്രയിക്കുകയും കൂടുതൽ സമയം പ്രാർത്ഥനയിൽ കഴിയുകയുമാണ് വേണ്ടത്. ഇത് പ്രതികൂലത്തെ അതിജീവിച്ച് അനുഗ്രഹം പ്രാപിക്കുവാൻ സഹായിക്കുന്നു.

നാല്പതും രാവും, നാല്പതും പകലും ഉപവസിച്ച യേശുവിനെ പരീക്ഷകൻ മരുഭൂമിയിൽ നേരിട്ടത് മൂന്ന് കാര്യത്തിലായിരുന്നു.

(1). ഭക്ഷണം (വിശപ്പിനെ കീഴ്പ്പെടുത്തുവാൻ പ്രയാസമെന്ന് കരുതി)

(2). ദൈവത്തെ പരീക്ഷിക്കുന്നവനാക്കുവാനുള്ള ശ്രമം.

(3). സകലതും (ഭൗമീകമായത്) സാത്താനെ നമസ്ക്കരിച്ച് നേടുവാനുള്ള പ്രേരണ, എന്നാൽ യേശു വചനത്താൽ സാത്താനെ എതിർത്തു. (മത്തായി 4:4,7,10). അതിനാൽ പിശാചെന്ന പരീക്ഷകൻ യേശുവിനെ വിട്ട് പോയി.

ഇതുപോലെ ഇന്നത്തെ യുവതലമുറയുടെ ഇടയിൽ അവർ അറിഞ്ഞോ അറിയാതെയോ വളർത്തുന്ന വിഷപ്പാമ്പുകളാണ് Video games, cartoon, facebook മുതലായവ നിങ്ങളുടെ പണം സമയം, ആരോഗ്യം എന്നിവയെ നശിപ്പിക്കുന്നു, മാത്രമല്ല ക്രിസ്തുവിലുള്ള വിശ്വാസത്തിൽ നിന്നകറ്റി നിത്യ നരകത്തിന് യോഗ്യരാക്കുന്നു. ഈ പരീക്ഷകളെ അതിജീവിപ്പാൻ ക്രിസ്തുവിനോട് ചേർന്ന് നടക്കുക, വചനത്താൽ സാത്താനെ എതിർക്കുകയും ചെയ്യുക.

നിങ്ങൾ താലോലിക്കുന്ന അനുസരണക്കേടെന്ന പഴയ പാമ്പിനെ പുറത്താക്കുവാൻ.

1, തെറ്റുകൾ ദൈവമുമ്പാകെ സമ്മതിച്ച് ഏറ്റുപറയുക.

2, ദൈവവുമായി ഉടമ്പടി ചെയ്യുക.

3, സമർപ്പിച്ച് പ്രാർത്ഥിക്കുക.

4, നന്ദി പറയുക.




ഇപ്രകാരം ചെയ്താൽ പരീക്ഷകൻ പുറത്താക്കുകയും ദൈവം അയയ്ക്കുന്ന ദൂതൻ നിങ്ങളുടെ സഹായത്തിനായി ഏത് പ്രതിസന്ധിയിലും എത്തുകയും ചെയ്യും. അല്ലാത്ത പക്ഷം അയയ്ക്കപ്പെട്ട ദൂതൻ വാതില്ക്കലോളം വന്ന് മടങ്ങിപ്പോകുവാനിടയാകും. ദൈവചനം വിട്ടുമാറാതെ, അതിനെ ഉപേക്ഷിക്കാതെ അനുസരിക്കുന്നവരെ, ആരാധിക്കുന്നവരെ സാത്താൻ വിട്ടുപോകുകയും നാം ദീർഘായസ്സും നിത്യതയും അവകാശമാക്കുകയും ചെയ്യും, ഇപ്രകാരം പരീക്ഷകനെ തോല്പിക്കാൻ ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

ഞങ്ങളുടെ ആശ്രയമാകുന്ന കർത്താവേ ! ഡംഭം, അഹങ്കാരം, വക്രതയുള്ള നാവ്, ചതി, വഞ്ചന എന്നിവയുമായി എത്തുന്ന സാത്താനെ വചനത്താൽ തോല്പിപ്പാനുള്ള ജ്ഞാനം ഞങ്ങൾക്ക് നൽകേണമേ. യേശുവിൻ നാമത്തിൽ തന്നെ, ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind